**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 819</u>** **<u>31-01-2024 - ൽ മറുപടിയ്ക്ക്</u>**

**<u>കോളനി വികസന പദ്ധതികളിലുൾപ്പെടാത്ത പട്ടികജാതി കോളനികളുടെ വികസനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമപദ്ധതിയിലോ മറ്റേതെങ്കിലും കോളനി വികസന പദ്ധതികളിലോ നാളിതുവരെ ഉൾപ്പെട്ടിട്ടില്ലാത്ത നിരവധി കോളനികൾ ഉണ്ടെന്നുള്ള കാര്യം പട്ടികജാതി വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോളനികളിലാണ് വകുപ്പിന്റെ കോളനി വികസന പദ്ധതി നാളിതുവരെ നടപ്പിലാക്കാത്തത്; ഓരോ കോളനിയിലും ഏകദേശം എത്ര കുടുംബങ്ങൾക്കാണ് സർക്കാരിന്റെ വിവിധ കോളനി വികസന പദ്ധതികളുടെ പ്രയോജനം നാളിതുവരെ ലഭ്യമാകാത്തത്; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.പട്ടികജാതി കോളനി നവീകരണ പ്രവർത്തികൾ പ്രധാനമായും നടപ്പിലാക്കുന്നത് ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെ വാർഷിക പദ്ധതികളിലുൾപ്പെടുത്തിയാണ്. എസ്.സി.പി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളാണിത്. അപ്രകാരം പല കോളനികളിലും നവീകരണ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടാതെ വകുപ്പിന്റെ പദ്ധതികളായ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, അംബേദ്കർ ഗ്രാമം പദ്ധതി, കോർപ്പസ് ഫണ്ട് പദ്ധതി എന്നീ പദ്ധതികളിലുൾപ്പെടുത്തിയും കോളനികൾ നവീകരിക്കുന്നുണ്ട്. അങ്ങാടിപ്പുറം, മൂർക്കനാട്, മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിൽ നാളിതുവരെ അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കിയിട്ടില്ല. മങ്കട മണ്ഡലത്തിൽ കോളനി നവീകരണ പ്രവൃത്തികളുടെ പ്രയോജനം ലഭിച്ചിട്ടില്ലാത്തത് ഏകദേശം 1767 കുടുംബങ്ങൾക്കാണ്. |
| (ബി) | കോളനി വികസന പദ്ധതികളിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത പ്രസ്തുത കോളനികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയല്ലാതെ എന്തെല്ലാം സഹായമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ, ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പട്ടികജാതി വികസന വകുപ്പിന്റെ വികസന പദ്ധതികൾ നാളിതുവരെ ലഭ്യമാകാത്ത കോളനികളുടെയും പ്രദേശങ്ങളുടെയും മുൻഗണന നിശ്ചയിച്ച് സഹായപദ്ധതികൾ ഉറപ്പു വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ